പ്രകൃതിയെ അറിയാനും 'പരിസരവും വിദ്യാലയവും ഒരു പാഠപുസ്തകം' എന്ന ആശയത്തിലൂന്നിയും അനുഭവങ്ങൾ കുട്ടികൾക്ക് ലഭിക്കാൻ വേണ്ടിയാണ് വിദ്യാലയങ്ങളിൽ ജൈവവൈവിധ്യ പാർക്ക് വികസിപ്പിക്കുന്നത്. ലഭ്യമായ സ്ഥലത്ത് പ്രകൃതിയുടെ ഒരു പരിച്ഛേദം രൂപപ്പെടുത്തുകയാണ് വേണ്ടത്. പ്രകൃതിയിലെ ആവാസവ്യവസ്ഥ പാലിക്കുന്ന പരിച്ഛേദമാകണം ജൈവവൈവിധ്യ പാർക്ക്. ഇതിനുതകും വിധം പാഠഭാഗങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയണം.

## തനത് പ്രവർത്തനങ്ങൾ

ശാസ്ത്ര സഹായത്താൽ നിത്യോപയോഗ ഗാർഹിക വസ്തുക്കളുടെ നിർമ്മാണം വിതരണം. ഇതിലൂടെ സാമൂഹിക പ്രതിബദ്ധത, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം എന്നീ ശേഷികൾ വികസിക്കുന്നു. School as a lab - സയൻസ് പാർക്ക് നിർമ്മിച്ച് പാഠഭാഗങ്ങൾ അതിലൂടെ മനസ്സിലാക്കാനുള്ള അവസരം നൽകുന്നു.

# പഠനാനുബന്ധ പ്രവർത്തനങ്ങൾ - സ്കൂൾ തലം

| SL NO | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ചുറ്റുപാടുകളിൽ നിന്ന് ശാസ്ത്രത്തെ തിരിച്ചറിയൽ | * നമ്മുടെ ക്യാമ്പസിലെ സസ്യങ്ങളെ തൊട്ടറിയുന്നു.<br>* പഠനയാത്രകൾ<br>* ഇൻവെന്ററി പാർക്കിലെ ആശയങ്ങൾ ഉപയോഗിച്ച് ശാസ്ത്രതത്വങ്ങൾ മനസ്സിലാക്കുന്നു.<br>* പരിചിതമായ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് ലഘു പരീക്ഷണങ്ങൾ നടത്തുന്നു.<br>* പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം 2025- 26 | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ് | പി ടി എ, SRG |
| 2 | ശാസ്ത്ര ലാബുകളുടെ നവീകരണം | * വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ, മോഡലുകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ<br>* ലാബുകളിൽ ഐസിടി സംവിധാനം ഉറപ്പാക്കൽ | യഥാ സമയങ്ങളിൽ | ശാസ്ത്ര അധ്യാപകർ SITC | SRG |
| 3 | വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | * ജീവിതശൈലി രോഗങ്ങളും പരിഹാരമാർഗങ്ങളും: ബോധവൽക്കരണ ക്ലാസ് കുട്ടികൾക്കും രക്ഷിതാക്കൾക്കും. | യഥാ സമയങ്ങളിൽ | സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | പി ടി എ |
| 4 | ശാസ്ത്ര പഠനം രസകരമാക്കൽ | * ശാസ്ത്ര ദിനാചരണങ്ങൾ മുൻകൂട്ടിയുള്ള ആസൂത്രണം നടത്തുന്നു.<br>* പഠനഭാഗവുമായി ബന്ധപ്പെട്ട മോഡലുകൾ നിർമ്മിക്കുന്നു. | യഥാ സമയങ്ങളിൽ | ശാസ്ത്ര അധ്യാപകർ | പി ടി എ, SRG |
| 5 | ശാസ്ത്ര അഭിരുചി വളർത്തൽ | * ശാസ്ത്രമേളകൾ, ശാസ്ത്ര ക്വിസ്, ശാസ്ത്രജ്ഞരുമായുള്ള അഭിമുഖം, ക്ലാസ് തല സ്കൂൾതല സെമിനാറുകൾ. | ഓഗസ്റ്റ് സെപ്റ്റംബർ | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ്, | SRG |
| 6 | വായനയിലൂടെ ശാസ്ത്ര അവബോധം ഉളവാക്കൽ | * ലൈബ്രറിയിലുള്ള ശാസ്ത്ര പുസ്തക വായന<br>* ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>* ക്ലാസ് തല മാഗസിൻ തയ്യാറാക്കൽ. | യഥാ സമയങ്ങളിൽ | ശാസ്ത്ര അധ്യാപകർ, SITC | SRG |

# അക്കാദമിക മാസ്റ്റർ പ്ലാൻ - സോഷ്യൽ സയൻസ് - യു പി

| SL NO | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| | സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | **അങ്കത്തട്ട്**<br>കളിയിൽനിന്ന് കാര്യത്തിലേക്ക്. സാമൂഹികശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു.<br>**ഓർമ്മച്ചെപ്പ്**<br>അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | ജൂൺ<br><br>ജൂൺ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് അധ്യാപകർ |
| | ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | വർഷാരംഭം | പി ടി എ അധ്യാപകർ |
| | പ്രകൃതിദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുന്നു. ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration class സംഘടിപ്പിക്കുന്നു. | വർഷാരംഭം | പി ടി എ സാമൂഹ്യശാസ്ത്ര ക്ലബ്ബ് അധ്യാപകർ |
| | സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | **നന്മയുടെ നറുങ്ങുവെട്ടം** പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനങ്ങൾ ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച തുക ഉപയോഗിച്ച് വാങ്ങിയ സാധനസാമഗ്രികൾ ദുരന്ത ബാധിത പ്രദേശങ്ങളിൽ ആശ്വാസമാകുന്നു. | അക്കാദമിക വർഷം | പി ടി എ സാമൂഹ്യശാസ്ത്ര ക്ലബ്ബ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| | | | | |
| | വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും, ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും പോലീസ് ഉദ്യോഗസ്ഥരുടെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് അധ്യാപകർ |
| | സാമൂഹികശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | മത്സരപരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യോത്തര വേളകൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | അധ്യാപകർ |
| | പിന്നാക്കക്കാർക്ക് വേണ്ടിയുള്ള പ്രത്യേക പ്രവർത്തനം.<br>ചിത്ര ആൽബം നിർമ്മാണം.<br>വിവിധ ശിലായുഗ ഘട്ടങ്ങളിൽ മനുഷ്യർ ഉപയോഗിച്ചിരുന്ന ഉപകരണങ്ങളുടെ ചിത്ര ആൽബം. | <u>ഗ്രൂപ്പ് പ്രവർത്തനം:</u><br>മികച്ചവർ, ശരാശരിക്കാർ, പിന്നാക്കക്കാർ എന്നിങ്ങനെ ഉൾക്കൊള്ളുന്ന ഓരോ ഗ്രൂപ്പ് ആക്കുന്നു. എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു. പ്രവർത്തനം ഏറ്റെടുക്കാനുള്ള സന്നദ്ധത ഉറപ്പിക്കുന്നു. ഗ്രൂപ്പിലെ ഇടപെടലിന് പിന്നാക്കകാർക്ക് മറ്റു രണ്ടു നിലവാരക്കാരുടെയും സഹായം ഉറപ്പിക്കുന്നു. ആശയം പങ്കുവയ്ക്കാനുള്ള കഴിവ് വളർത്തുന്നു. വിവിധ ശിലായുഗങ്ങളിലെ പാഠപുസ്തകത്തിലെ പോയിന്റ് നൽകുന്നു. മൂന്നിലും തുടർച്ചയായി ഉണ്ടായ മാറ്റം എത്രത്തോളം ഉൾക്കൊള്ളാൻ കഴിഞ്ഞു എന്ന് വിലയിരുത്തുന്നു സഹായം നൽകുന്നു. ആശയത്തിലെത്തൽ ഉറപ്പിക്കുന്നു. | ഹ്രസ്വകാലം | URC സാമൂഹ്യശാസ്ത്ര ക്ലബ്ബ് അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ – സോഷ്യൽ സയൻസ് – എച്ച് എസ്

| SL NO | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ചരിത്രാവബോധം വളർത്തുക, നേതൃത്വഗുണം വികസിപ്പിക്കുക. | * സോഷ്യൽ സയൻസ് ലാബ് സജ്ജീകരണം | 1 മാസം – ജൂൺ | ഗ്ലോബ്, അറ്റ്ലസ് ഭൂപടങ്ങൾ, ചരിത്ര വസ്തുക്കൾ, നാണയങ്ങൾ മുതലായവ | SMC, സോഷ്യൽ സയൻസ് ക്ലബ്ബ് |
| 2 | സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. ശാസ്ത്ര നിരീക്ഷണത്തിലൂടെ ഗ്രഹങ്ങളെക്കുറിച്ചും ഉപഗ്രഹങ്ങളെക്കുറിച്ചും പ്രായോഗിക ജ്ഞാനം നേടുക. | * സോഷ്യൽ സയൻസ് ലാബ് സജ്ജീകരണം.<br>* ആകാശകാഴ്ചകൾ, കൗതുകമുണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു.<br>* പ്ലാനറ്റോറിയം സന്ദർശിക്കൽ | വർഷം മുഴുവനും | സോഷ്യൽ സയൻസ് ലാബ്, ആനുകാലികങ്ങൾ, മാഗസിനുകൾ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ, സോഷ്യൽ സയൻസ് ക്ലബ്ബ് |
| 3 | ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്താൻ പഠിക്കുക | * ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ പഠിക്കാൻ കുട്ടികളെ സഹായിക്കുന്നു.<br>* അറ്റ്ലസ്, ഗ്ലോബ്, മാപ്പുകൾ, ഐ സി ടി എന്നിവ പ്രയോജനപ്പെടുത്തുന്നു | വർഷം മുഴുവനും | സോഷ്യൽ സയൻസ് ലാബ്, ഐ സി ടി | സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 4 | കേരളത്തിന്റെ ചരിത്രവും, സംസ്കാരവും മനസ്സിലാക്കുക | * ചരിത്രമാളിക സന്ദർശനം | ഒക്ടോബർ ആദ്യത്തെ ആഴ്ച | വാഹന ക്രമീകരണം | ഉപജില്ലാ സോഷ്യൽ സയൻസ് കൗൺസിൽ |
| 5 | സോഷ്യൽ സയൻസുമായി ബന്ധമുള്ള ദിനങ്ങൾ സമുചിതമായി ആചരിക്കുക. ലഹരി വിരുദ്ധ ദിനാചരണങ്ങൾ സംഘടിപ്പിക്കുക പരിസ്ഥിതി സംരക്ഷണം ഉറപ്പു വരുത്തുക | ദിനാചരണങ്ങൾ ലഹരി വിരുദ്ധ റാലി, ലഹരി മുക്തി കേന്ദ്രങ്ങൾ സന്ദർശിക്കുക | അധ്യയന വർഷം മുഴുവൻ | സാമ്പത്തികം, ചാർട്ടുകൾ, ICT ഇന്റർനെറ്റ്, വീഡിയോ ക്ലിപ്പിങ്സ് | BRC, PTA SMC, SRG |

| | | | | | |
|---|---|---|---|---|---|
| 6 | പൗരബോധം വളർത്തുകയും, അവകാശങ്ങളെക്കുറിച്ചും, കടമകളെക്കുറിച്ചും വ്യക്തമായ ധാരണ നേടുകയും ചെയ്യുക | നിയമ വിദഗ്ധനുമായുള്ള കൂടിക്കാഴ്ച | നവംബർ രണ്ടാമത്തെ ആഴ്ച | പുസ്തകങ്ങൾ, വീഡിയോ ചിത്രങ്ങൾ | SMC, ബാർ കൗൺസിൽ |
| 7 | താൻ ജീവിക്കുന്ന സമൂഹത്തിലെ പണമിടപാട് ധർമ്മങ്ങളെക്കുറിച്ച് ധാരണ നേടുക | ബാങ്ക് സന്ദർശനം | ജനുവരി രണ്ടാമത്തെആഴ്ച | | പി ടി എ |
| 8 | സാമൂഹിക മൂല്യങ്ങൾ വളർത്തുക, സാമൂഹിക പ്രതിബ ദ്ധതയുള്ളകുട്ടി ക്രമീകരിക്കുക | * രോഗാവസ്ഥയിലുള്ള കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കൽ.<br>* ഭിന്നശേഷിക്കാരായ കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കൽ. | ഹ്രസ്വം | | പി ടി എ, എസ് എം സി |
| 9 | സമയബോധം വികസിപ്പിക്കുക ചരിത്ര സംഭവങ്ങളെ ക്രമീകരിക്കുക. | ഡിജിറ്റൽ ടൈം ലൈൻ തയ്യാറാക്കുക | അധ്യയന വർഷം | ICT, INTERNET | സോഷ്യൽ സയൻസ് കൗൺസിൽ |
| 10 | പഠനത്തിൽ പിന്നാക്കം നിൽക്കുന്നതായ കുട്ടികൾക്കായുള്ള പ്രവർത്തനം | * ICT സഹായത്തോടെ ചിത്രങ്ങളും ഫ്ലോ ചാർട്ടുകളും പ്രദർശിപ്പിച്ച് ആശയം അവരിലെത്തിക്കാം.<br>* ചെറിയ കുറിപ്പുകളും ഒറ്റവാക്കിലുള്ള ഉത്തരങ്ങളും നൽകാം.<br>* മാപ്പ്, ഗ്ലോബ് ഇവയിലൂടെ ആശയങ്ങൾ കൂടുതലായി എത്തിക്കാൻ കഴിയും | അധ്യയന വർഷം | ICT, INTERNET | അദ്ധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ – ഗണിതം യു പി

**മേഖല I അടിസ്ഥാന ശേഷികളിലെ പരിമിതി മറികടക്കൽ**

**ലക്ഷ്യങ്ങൾ**

- ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ എല്ലാ കുട്ടികളിലും ഉറപ്പിക്കുക.
- പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്താൻ ഉള്ള കഴിവ് എല്ലാ കുട്ടികളും നേടുക.
- സാമൂഹിക പാരിസ്ഥിതിക അവബോധം വളർത്താൻ ഗണിത പഠനത്തെ പ്രയോജനപ്പെടുത്തുക.
- ഗണിത പിന്നാക്കാവസ്ഥ പരിഹരിക്കൽ.

**പ്രവർത്തനങ്ങൾ**

- പ്രീ ടെസ്റ്റ് നടത്തി ഗണിത ആശയങ്ങളിലും ശേഷികളിലും പരിമിതിയുള്ള കുട്ടികളെ കണ്ടെത്തുന്നു. എവിടെയാണ് പരിമിതി എന്നും കണ്ടെത്തുന്നു.
- കുട്ടികളുടെ പരിമിതികളുടെ അടിസ്ഥാനത്തിൽ അവരെ ഗ്രൂപ്പുകളായി തിരിക്കുന്നു.
- ആവശ്യമായ പഠന സാമഗ്രികൾ ഉപയോഗിച്ച് അവർക്ക് യോജിച്ച പ്രവർത്തനങ്ങൾ നൽകുന്നു.
- സംഖ്യാ രൂപീകരണം, സംഖ്യ കാർഡുകൾ ഉപയോഗിച്ച് രണ്ടക്ക സംഖ്യകൾ, മൂന്നക്ക സംഖ്യകൾ രൂപീകരിക്കുന്നു.

**സ്ഥാനവില** : സ്ഥാനവില, പോക്കറ്റ് തുടങ്ങിയ സാമഗ്രികൾ ഉപയോഗിച്ച് സ്ഥാനവില ഉറപ്പിക്കുന്നു.

**വലുതേത് – ചെറുതേത്** : തന്നിരിക്കുന്ന സംഖ്യകളിൽ നിന്നും വലുതും ചെറുതും കണ്ടെത്തി എഴുതുക.

**ക്രമപ്പെടുത്താം:** ഒരു സെറ്റ് സംഖ്യകളെ ചെറുതിൽ നിന്നും വലുതിലേക്കും വലുതിൽ നിന്നും ചെറുതിലേക്കും ക്രമപ്പെടുത്തി എഴുതുക.

**സംഖ്യ വ്യാഖ്യാനം:** സംഖ്യ ബന്ധങ്ങൾ കണ്ടെത്തുക, വ്യത്യാസം കണ്ടെത്തുക എന്നിവ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.

**പാറ്റേൺ നിർമ്മാണം** * സംഖ്യകൾ തമ്മിലുള്ള ബന്ധം കണ്ടെത്തി പരമാവധി പാറ്റേണുകൾ രൂപീകരിക്കുന്ന

* സ്വന്തമായി പുതിയ പാറ്റേൺ കണ്ടെത്തുന്നു.

**ചതുഷ്കീയകൾ**

* സംഖ്യകൾ ഉറപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.
* ഗണിത കളിയിലൂടെയും കേളികളിലൂടെയും കുട്ടികളിൽ താൽപര്യം ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ നൽകുന്നു.
* ഓരോ ഗ്രൂപ്പിനും മിടുക്കരായ കുട്ടികളുടെ സേവനവും ലഭ്യമാക്കുന്നു.
* ഗണിത ലാബ് സജ്ജീകരിച്ച് ആവശ്യമായ പഠന സാമഗ്രികൾ നൽകിക്കൊണ്ട് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നു
* ഐസിടി സംവിധാനം ഉപയോഗിച്ചു കൊണ്ട് പഠനം കാര്യക്ഷമമാക്കുന്നു.
* ആവശ്യമായ വിലയിരുത്തലുകൾ നടത്തുന്നു.

## മേഖല II ഗണിത ശേഷി വികസനം

**ലക്ഷ്യങ്ങൾ**

* ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുന്നു.
* ഗണിത പഠനശേഷി വളർത്തുക.
* ഗണിത പഠനത്തെ സാമൂഹിക വളർച്ചയ്ക്ക് പ്രയോജനപ്പെടുത്തുവാനുള്ള മനോഭാവം വളർത്തുക.
* സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിനും ഗണിതത്തെ പ്രയോജനപ്പെടുത്തുവാനുള്ള കഴിവും മനോഭാവവും നേടുക.

**പ്രവർത്തനങ്ങൾ**

ഗണിത പഠനം രസകരമാക്കുന്നതിനും ഗണിതത്തിൽ കുട്ടികളുടെ ശേഷി വളർത്തിയെടുക്കുന്നതിനും അങ്ങനെ സാമൂഹിക വളർച്ചയ്ക്ക് പ്രയോജനപ്പെടുത്തുന്നതിനുമുള്ള മനോഭാവം നേടിയെടുക്കുന്നതിനും അനുയോജ്യമായ വിധം പ്രവർത്തനങ്ങൾ നൽകുക.

**ഗണിത അസംബ്ലി**

ഗണിതവുമായി ബന്ധപ്പെട്ട സീഡിങ് മെറ്റീരിയൽസ് അവതരിപ്പിക്കുക, നൽകുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി അവതരിപ്പിക്കുക, വിവിധ ഗണിത പുസ്തകങ്ങൾ വായിച്ച് വായനക്കുറിപ്പ് അവതരിപ്പിക്കുക, കുസൃതി ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക ഇവയെല്ലാം ഗണിത അസംബ്ലിയിൽ ഉൾപ്പെടുത്താം.

**സെമിനാർ അവതരണം**

വിഷയങ്ങളുടെയും ഉപവിഷയങ്ങളുടെയും അടിസ്ഥാനത്തിൽ വിവരശേഖരണം നടത്തി അവതരിപ്പിക്കുക.

**ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക**

വിഷയങ്ങളുടെയും ഉപവിഷയങ്ങളുടെയും അടിസ്ഥാനത്തിൽ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക.

**പ്രദർശനങ്ങൾ**

വിവിധ ഗണിത രൂപങ്ങൾ, ചാർട്ടുകൾ, സംഖ്യ ജ്യോമെട്രിക് പാറ്റേണുകൾ തുടങ്ങിയവയുടെ നിർമ്മാണവും പ്രദർശനവും സംഘടിപ്പിക്കുക.

**മാത്സ് കോർണർ സജ്ജീകരിക്കൽ**

ഓരോ ക്ലാസിലും ഗണിതോൽപ്പന്നങ്ങളുടെയും മറ്റു ഗണിത സാമഗ്രികളുടെയും കോർണർ ഒരുക്കുക.

## ഗണിത പ്രവർത്തനങ്ങൾ സജീവമാക്കുക

**ഗണിത നാടകം /സ്കിറ്റ് സംഘടിപ്പിക്കുക**

* തിരക്കഥ തയ്യാറാക്കുക
* ഓരോ ഗ്രൂപ്പുകളുടെയും അവതരണം മെച്ചപ്പെടുത്തൽ
* മികച്ചത് ബാലസഭ വേദിയിൽ അവതരിപ്പിക്കുക
  (സി ആർ സി, ബി ആർ സി തലങ്ങൾ സ്കൂൾ ആനിവേഴ്സറി)
* ബുള്ളറ്റ് ബോർഡ് തയ്യാറാക്കുക
* പരസ്യകരമായ ഗണിത പ്രശ്നങ്ങൾ, പത്രവാർത്തകൾ, ഗണിത ചിന്തകൾ എന്നിവ ഉൾപ്പെടുത്തുക.
* ഗണിത ലൈബ്രറി സജ്ജീകരണം
* കയ്യെഴുത്ത് മാസിക തയ്യാറാക്കുക
* പഠനയാത്ര
* ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തുക. ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക
* ആൽബം തയ്യാറാക്കുക
* മെട്രിക് മേള സംഘടിപ്പിക്കുക
* ഗണിത ലാബ് (ഫലപ്രദമായ ഒരു ഗണിത ലാബ് സജ്ജീകരിക്കുക )

* ഗണിതോത്സവം സംഘടിപ്പിക്കുക
* ഗണിത ശില്പശാല

കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. നമ്പർ കാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ് ഉപയോഗിക്കുക.

**ഒറിഗാമി ശില്പശാല**

ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുക. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ.

**ഗണിത പാർക്ക്**

ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് ഗണിത പാർക്ക് സജ്ജമാക്കൽ.

**ഐടി സാധ്യതകളിലൂടെ**

ജാമിതീയ രൂപങ്ങൾ, ചതുഷ് ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ ഐ സി ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയും.

**ഗണിത ക്ലിനിക്**

ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു.

**പദ്ധതി സംഗ്രഹം**

| പ്രവർത്തനങ്ങൾ | ലക്ഷ്യം | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| *എണ്ണിയെടുക്കാം | | 1 -7 | | ഗണിത അധ്യാപകൻ | ഗണിത അധ്യാപകൻ |
| *സംഖ്യ രൂപീകരണം | | | | | |
| *സ്ഥാന വില | | | | | |
| *ക്രമപ്പെടുത്താം | | | | | |
| *സംഖ്യ വ്യാഖ്യാനം | | | | | |
| *സംഖ്യ പാറ്റേൺ നിർമ്മാണം | 1, 2, 3, 4 | | മാസത്തിൽ ഒന്ന് | | |
| *ഗണിത അസംബ്ലി | | | | | |
| *സെമിനാർ | | | രണ്ടാഴ്ചയിൽ ഒരിക്കൽ | | |
| *ചതുഷ്ക്രിയകൾ | | | | | |
| *ക്വിസ് മത്സരങ്ങൾ | | | 1 വർഷം | | |
| *പ്രദർശനങ്ങൾ | | | | | |
| *മാത്സ് കോർണർ സജ്ജീകരണം | | | | | |
| *മാത്സ് ക്ലബ് ശാക്തീകരണം | | | | | |
| *ഗണിത നാടകങ്ങൾ | | | | | |
| *ബുള്ളറ്റ് ബോർഡ് തയ്യാറാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്ന | 1 -7 | ആവശ്യാനുസരണം | | ഗണിത അധ്യാപകൻ |
| *മാത്സ് ലൈബ്രറി | | | | | |
| *കയ്യെഴുത്ത് മാസികകൾ | | | | | |
| *പഠനയാത്രകൾ | | | | | |
| *ആൽബം തയ്യാറാക്കൽ | ഗണിത മേഖലയിൽ കുട്ടിയുടെ താല്പര്യം വർദ്ധിപ്പിക്കുന്ന | | | | |
| *ജീവചരിത്രകുറിപ്പ് *തയ്യാറാക്കൽ | | | | SRG | |
| *ഗണിത ലാബ് | | | | | |
| *ഗണിതോത്സവം | | | | | |
| *ഗണിത ശില്പശാല | | | | | |
| *ഒറിഗാമി ശില്പശാല | | | | | |
| *ഗണിത പാർക്ക് | | | | | |
| *ഐ ടി സാധ്യതകളിലൂടെ | | | | | |
| *ഗണിത ക്ലിനിക്ക് | | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ – എച്ച് എസ് ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയം ധാരണ കൈവരിക്കൽ | * പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കുന്നു. 1 – 1.30<br>* സമയത്ത് ഗ്രൂപ്പുകൾ ആക്കി മാറ്റി മറ്റു കുട്ടികളുടെ സഹായത്തോടെ പഠനം | ജൂൺ ആദ്യ ആഴ്ച | അധ്യാപകർ പീർ ഗ്രൂപ്പ് | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | * ജാമിതി പെട്ടിയിലെ ഉപകരണങ്ങളുടെ കൃത്യമായ ഉപയോഗം.<br>* ക്ലബ് ആക്ടിവിറ്റീസ് | തുടരുന്നു | അധ്യാപകർ | സ്കൂൾ ഗ്രാന്റ് |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ | പി ടി എ |
| ഗണിത ആശയങ്ങളിൽ നിന്നും രൂപപ്പെടുന്ന ഗണിത രൂപങ്ങൾ പരിചയപ്പെടൽ | * ശില്പശാല<br>* ക്ലബ് ആക്ടിവിറ്റീസ് | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ ഗണിത ക്ലബ് | പി ടി എ |
| ഗണിത മത്സര വേദിയിലേക്ക്, മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | * ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ<br>* മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ് സെക്രട്ടറി ടീച്ചേഴ്സ്, പിടിഎ | പി ടി എ |
| ഗണിത ലാബ് | * ശില്പശാലകളിലൂടെ ലാബിലേക്ക്<br>* ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ | മെയ് ജൂൺ | ക്ലബ് സെക്രട്ടറി ടീച്ചേഴ്സ്, പിടിഎ | പി ടി എ |
| പഠന പിന്നാക്കക്കാർക്ക് വേണ്ടിയുള്ള പരിശീലനം | * പിന്നാക്കക്കാരെ പ്രീ ടെസ്റ്റ് നടത്തി കണ്ടെത്തുന്നു.<br>* അടിസ്ഥാന ക്രിയകൾ, ഗണിത പട്ടിക ഇവ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>* കുട്ടി മെന്റർമാരുടെ (പീർ ഗ്രൂപ്പ്) സഹായവും കൊടുക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ടീച്ചേഴ്സ് | പിടിഎ |

# അക്കാദമിക മാസ്റ്റർ പ്ലാൻ – ഐ സി ടി

## ലക്ഷ്യങ്ങൾ

- പഠനബോധന പ്രക്രിയയിലും അറിവ് നിർമ്മാണ പ്രക്രിയയിലും കമ്പ്യൂട്ടർ ഉൾച്ചേർത്തുള്ള വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
- മാനവരാശി വികസിപ്പിക്കുന്ന അറിവിനെ അതതവസരങ്ങളിൽ അറിയാനുള്ള സാധ്യത പ്രയോജനപ്പെടുത്തുക.
- നിർമ്മിത ബുദ്ധി, റോബോട്ടിക്സ് എന്നിവയുടെ സാധ്യതകൾ പഠനപ്രക്രിയയിൽ പ്രയോജനപ്പെടുത്തുക.
- സാങ്കേതിവിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതോടൊപ്പം ചതിക്കുഴികളിൽ അകപ്പെടാതെ എന്തെന്ത് കരുതലുകൾ വേണമെന്ന തിരിച്ചറിവ് വികസിപ്പിക്കുക.
- കുട്ടികൾക്ക് നിർഭയമായും സ്വതന്ത്രമായും കമ്പ്യൂട്ടർ അടക്കമുള്ള വിവരസാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഉപയോഗിക്കാനുള്ള അവസരങ്ങൾ ഒരുക്കുക.
- ഓരോ കുട്ടിക്കും ആധുനിക വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ അസിസ്റ്റ് ടെക്നോളജി ഉറപ്പാക്കുകയും അതിൽ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും പരിശീലനം നൽകുകയും ചെയ്യുക.

## പ്രവർത്തനങ്ങൾ

- കുട്ടികളിൽ ടൈപ്പിംഗ്, ഇന്റർനെറ്റ് എടുക്കൽ, ഫോൾഡർ നിർമാണം തുടങ്ങിയ കമ്പ്യൂട്ടർ നൈപുണികൾ വികസിപ്പിക്കുക.
- പഠനപ്രക്രിയയുടെ ഭാഗമായി പ്രശ്നപരിഹരണത്തിന് ആവശ്യമായ വിവരങ്ങൾ ഇന്റർനെറ്റ് വഴി ശേഖരിക്കുക.
- സോഷ്യൽ മീഡിയ, ആനിമേഷൻ സാധ്യതകൾ പരിചയപ്പെടുത്തുക.

- ഓരോ വിഷയ മേഖലയിലും ഈ സാധ്യതയെ പ്രയോജനപ്പെടുത്താനുള്ള അന്വേഷണ ചിന്ത.
- ഇ-സങ്കേതത്തെ വിവേകപൂർണമായി പ്രയോജനപ്പെടുത്താം എന്ന തിരിച്ചറിവ് വികസിപ്പിക്കുന്നു.
- വിവരവിനിമയ സാങ്കേതികവിദ്യയുടെ പുത്തൻ രീതികൾ സ്വായത്തമാക്കുവാൻ ഹൈസ്കൂൾ വിഭാഗം കുട്ടികൾക്ക് ലിറ്റിൽ കൈറ്റ് ഐ ടി ക്ലബ്ബിൽ അംഗങ്ങളാകാൻ അവസരം ഒരുക്കുന്നു.
- ഐടി ലാബിന്റെ സഹായത്തോടെ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിനോടൊപ്പം അനിമേഷൻ, ഗ്രാഫിക്സ് എന്നീ വിഷയങ്ങളിൽ പ്രഗൽഭ്യം നേടാൻ കുട്ടികൾക്ക് സാധിക്കുന്നു.
- സ്കൂൾ വിക്കിയിൽ ഓരോ ദിവസത്തെയും പ്രധാന പ്രവർത്തനങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള അവസരം കുട്ടികൾക്ക് നൽകുന്നു.
- ഐ ടി മേളയുമായി ബന്ധപ്പെട്ടും അല്ലാതെയുമുള്ള വിവിധ മത്സരങ്ങളിൽ പങ്കെടുക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനും കഴിവുകൾ പ്രകടിപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ നൽകുന്നു.
- വിവരവിനിമയ സാങ്കേതികവിദ്യയുടെ സഹായത്തോടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടാൻ കുട്ടികൾക്ക് അവസരം നൽകുന്നു. ലഹരിക്കെതിരായി പാട്ടുകൾ, അനിമേഷൻ വീഡിയോകൾ തുടങ്ങിയവ തയാറാക്കുന്നു.
- സ്കൂളിൽ നടക്കുന്ന വിവിധ പരിപാടികളുടെ ഡോക്യുമെന്റേഷൻ ചെയ്യാൻ കുട്ടികൾക്ക് അവസരം നൽകുന്നു.
- ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഭിന്നശേഷി കുട്ടികൾക്ക് ഉചിതമായ അനുരൂപീകരിച്ച കമ്പ്യൂട്ടർ പരിശീലനം ഉറപ്പ് വരുത്തുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ - ആരോഗ്യ കായിക വിദ്യാഭ്യാസം

**ഉദ്ദേശം: കുട്ടികളിൽ ആരോഗ്യ കായിക ഇനങ്ങളുടെ നൈപുണികൾ സ്വായത്തമാക്കുക**

**ഉപമേഖല: 1.കായിക മേഖല**

**2.ആരോഗ്യമേഖല**

## ആമുഖം

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനമനുസരിച്ച് കുട്ടികളിൽ കായികക്ഷമത അനുദിനം കുറഞ്ഞു വന്നുകൊണ്ടിരിക്കുകയാണ്. ശരിയായ ആരോഗ്യ കായിക അവബോധമില്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്. കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിതശൈലി യൗവനത്തിലും വാർദ്ധക്യത്തിലുമുള്ള ആരോഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു. എന്നാൽ ആധുനിക ജീവിതശൈലി കുട്ടികളെയും മുതിർന്നവരെയും ഒന്നുപോലെ പ്രവർത്തനമാന്ദ്യമുള്ളവരാക്കുന്നു. ചില സംസ്കാരങ്ങളിൽ വളർന്നവർക്കിടയിൽ നിഷ്ക്രിയത്വവും അനന്തരഫലമായുള്ള അമിതമേദസ്സും, രോഗങ്ങളും ഒരു പ്രതിസന്ധി ആനുപാതികത്തിൽ എത്തിയിരിക്കുന്നു. ലോകത്തുള്ള മറ്റേതു രാജ്യത്തെക്കാളും ജനിതകമായിതന്നെ ഹൃദ്രോഗത്തിനുള്ള സാധ്യത ഇന്ത്യക്കാർക്കാണെന്ന് അടുത്തകാലത്ത് നടന്ന പഠനത്തിൽ മനസ്സിലാക്കുന്നു. ഇന്ത്യയിൽ 35 നും 64 നും ഇടയ്ക്കുള്ള പ്രായത്തിൽ ഹൃദ്രോഗത്തിലൂടെ ജീവിതം പൊലിഞ്ഞു പോയവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. ലോകത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന 'പ്രമേഹം' എന്ന മഹാമാരി ഭീഷണി ഉയരുന്നത് ഇന്ത്യയിലാണ്. 100 കോടിയിലധികം വരുന്ന ഇന്ത്യൻ ജനതയിൽ മധ്യവയസ്സിനുശേഷം പിടിപെടുന്ന പ്രമേഹം (ടൈപ്പ് 2) സാധ്യത വളരെ കൂടുതലാണ്. കാരണം കൂടുതൽ പാശ്ചാത്യവൽകൃതമായ ജീവിതശൈലിയിൽ കൊഴുപ്പ് കൂടിയ ആഹാരം കഴിക്കുന്നത് കൊണ്ടും വ്യായാമത്തിന്റെ അഭാവം മൂലവുമാണ്.

ഇന്ത്യയിലെ പ്രമേഹ രോഗികളുടെ എണ്ണം വർദ്ധിക്കുന്നു. രാജ്യത്ത് 10 കോടിയിലധികം രോഗികൾ എന്ന സർവ്വേ ഫലം.

ഇന്ത്യയിൽ പ്രമേഹരോഗികളുടെ എണ്ണം വൻതോതിൽ വർദ്ധിക്കുന്നതായി പഠനം. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് - ഇന്ത്യ ഡയബറ്റീസ് (ICMR - INDIAB) നടത്തിയ സർവ്വേയിൽ 10 കോടിയിലധികം ആളുകൾക്ക് ഇന്ത്യയിൽ പ്രമേഹം ഉള്ളതായി കണ്ടെത്തി. 13.6 കോടി ആളുകൾക്ക് പ്രീ ഡയബറ്റിക് ആണെന്നും 31.5 കോടി ആളുകൾക്ക് ഉയർന്ന രക്തസമ്മർദ്ദം ഉണ്ടെന്നും ഈ പഠനത്തിൽ പറയുന്നുണ്ട്.

മെറ്റാബോളിക് നോൺകമ്മ്യൂണിക്കബിൾ ആയ അസുഖങ്ങളുടെ (NCD) വ്യാപനം സംബന്ധിച്ച് ഇത്തരത്തിൽ ഒരു പഠനം നടത്തുന്നത് ആദ്യമാണ്. രാജ്യത്തെതന്നെ ഏറ്റവും വലിയ സർവേകളിൽ ഒന്നാണിത്. 25.4 കോടി ആളുകളിൽ പൊണ്ണത്തടി 35.1 കോടി ആളുകളിൾ അടിവയറ്റിലെ  പൊണ്ണത്തടി 21.3 കോടി ആളുകൾക്ക് ഉയർന്ന കൊളസ്ട്രോൾ (ഹൈപ്പർ കൊളസ്ട്രോലീമിയ) 18.5 കോടി ആളുകൾക്ക് ഉയർന്ന LDL കൊളസ്ട്രോൾ അല്ലെങ്കിൽ ചീത്ത കൊളസ്ട്രോൾ ഉണ്ടെന്നും സർവ്വേയിൽ കണ്ടെത്തി. ഇന്ത്യയിലെ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് കേരളം, പുതുച്ചേരി, ഗോവ, സിക്കിം, പഞ്ചാബ് എന്നിവിടങ്ങളിൽ ഇത്തരം അസുഖങ്ങളുടെ വ്യാപനം കൂടുതലാണെന്ന് പഠനം പറയുന്നു.

പ്രമേഹ രോഗികളെക്കാൾ അധികം പ്രീ ഡയബറ്റിസ് ഉള്ളവർ രാജ്യത്ത് ഉണ്ടെന്നുള്ളതാണ് കൂടുതൽ ആശങ്കാജനകം. ഇതിനർത്ഥം വരും വർഷങ്ങളിൽ പ്രമേഹ രോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുമെന്നാണ്. 2019 ൽ 7.4 കോടി പ്രമേഹ രോഗികളായിരുന്നു രാജ്യത്തുണ്ടായിരുന്നത്. കഴിഞ്ഞ നാല് വർഷം കൊണ്ടാണ് ഇന്ത്യയിൽ ഇവരുടെ എണ്ണത്തിൽ വൻ വർദ്ധനവുണ്ടായത്.

2008 നും 2020 നും ഇടയിൽ നടത്തിയ സർവ്വേയിൽ 113043 ആളുകൾ പങ്കെടുത്തു. ഇവരിൽ 33537 പേർ നഗരവാസികളും 79506 പേർ ഗ്രാമവാസികളുമാണ്. ഇന്ത്യയുടെ വടക്ക് ഭാഗത്തും തെക്കുഭാഗത്തുമാണ് ഏറ്റവും ഉയർന്ന പ്രമേഹ കണക്കെന്നാണ് പഠനത്തിൽ കണ്ടെത്തിയത്. മധ്യഭാഗത്തും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും അസുഖ വ്യാപനം കുറവാണെന്ന് പഠനത്തിൽ പറയുന്നു. 'ദി ലാൻസെറ്റ് ഡയബറ്റിസ് ആൻഡ് എൻ ഡോക്രൈനോളജി' എന്ന ജേർണലിലാണ് പ്രസ്തുത പഠനം പ്രസിദ്ധീകരിച്ചത്.

കേരള സംസ്ഥാനത്തിലെ കുട്ടികളുടെ ശാരീരിക സ്ഥിതി മുൻതലമുറകളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ ഇപ്പോഴത്തെ കുട്ടികൾ ശാരീരിക കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്റെ തോത് വളരെ കുറവാണ്. ചെറിയ ഗ്രൗണ്ട് സൗകര്യമാണ് നമ്മുടെ സ്കൂളിനുള്ളത്. ബാസ്കറ്റ്ബോൾ കോർട്ട് പണിപൂർത്തിയാകാനുണ്ട്. ക്രിക്കറ്റ് പരിശീലിക്കുന്നതിന് നെറ്റ്സ് സൗകര്യം സ്കൂളിലുണ്ട്.

**<u>ലക്ഷ്യം</u>: കായിക ക്ഷമത കൈവരിക്കൽ, ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ**

**<u>പ്രവർത്തനം</u>**

- യോഗ
- സൈക്കിൾ
- നീന്തൽ പരിശീലനം
- കിഡ്സ് അത്‌ലറ്റിക്സ് ആൻഡ് അത്‌ലറ്റിക്സ്
- മേജർ ഗെയിംസ്
- എയ്റോബിക്സ്

**<u>യോഗ</u>:** 5, 6, 7, 8, 9, 10 ക്ലാസിലെ കുട്ടികൾക്ക്, ഒരു വർഷം ചുരുങ്ങിയത് 54 മണിക്കൂർ യോഗ പരിശീലനത്തിനായി നീക്കിവയ്ക്കുന്നു. അത് രാവിലെയാണ് ചെയ്യേണ്ടത്. ക്ലാസ് അടിസ്ഥാനത്തിൽ 15 മിനിറ്റ് യോഗ ചെയ്യണം. 2025 ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ 15 മണിക്കൂർ യോഗയ്ക്കായി മാറ്റിവെച്ചിരിക്കുന്നു. യോഗ പരിശീലന കളരി സംഘടിപ്പിക്കുന്നതിനായി 10 ദിവസത്തേക്ക് ഒരു ഇൻസ്ട്രക്ടറെ പുറത്തുനിന്ന് കൊണ്ടുവരുന്നു.

| യോഗ ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| SL NO | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | യോഗ മാറ്റ് | 390 | 10 | 3900 |
| 2 | പരിശീലകൻ ദിവസത്തേക്ക് (500 X 10) | | | 5000 |
| | **TOTAL** | | | **8900** |

**<u>സൈക്കിൾ:</u>** ജൂൺ മാസത്തിൽ യു. പി തലത്തിലെ മുഴുവൻ കുട്ടികളിലും സൈക്കിൾ സവാരി അറിയുന്നവരുടെ സർവ്വേ നടത്തുന്നു. ജൂലൈ രണ്ടാം വാരത്തിനു ശേഷം സൈക്കിൾ സവാരി അറിയാത്തവരെ അറിയുന്നവരുടെയും, അധ്യാപിക/അധ്യാപകരുടെയും സഹായത്തോടെ സൈക്കിൾ സവാരി പഠിപ്പിക്കാൻ തുടങ്ങുന്നു. ഇതിനായി സ്കൂളിൽ സൈക്കിളിൽ വരുന്ന കുട്ടികളുടെ സൈക്കിളുകൾ ഉപയോഗിച്ച് പ്രവർത്തനം സുഗമമാക്കുന്നു. പുതുതായി 4 സൈക്കിൾ വാങ്ങാൻ പിടിഎ യിൽ നിർദ്ദേശം വയ്ക്കുന്നു.

**നീന്തൽ പഠനം:** സ്കൂളിൽ 8ാം ക്ലാസിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും നീന്തൽ പഠനത്തിനുള്ള സൗകര്യമൊരുക്കുന്നു. കുട്ടികളെ 30 പേരുള്ള ഗ്രൂപ്പുകളായി തിരിച്ച് രണ്ടോ മൂന്നോ ബാച്ചുമായി സമീപത്തുള്ള സ്വിമ്മിംഗ് പൂളിൽ കൊണ്ടുപോയി നീന്തൽ പഠിപ്പിക്കുന്നതിനുള്ള പദ്ധതി പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുമായി ചേർന്ന് ആവിഷ്കരിക്കുന്നു. ഈ പ്രവർത്തനം ജൂലൈ മാസം മുതൽ ആരംഭിക്കും.

| കിഡ്സ് അത്ലറ്റിക്സ് ഉപകരണങ്ങൾ | | | | |
|---|---|---|---|---|
| SL NO | ഉപകരണങ്ങൾ | വില | എണ്ണം | ആകെ വില |
| 1 | മെഡിസിൻ ബോൾ | 600 | 2 | 1200 |
| 2 | മെഡിസിൻ ബോൾ | 650 | 2 | 1300 |
| 3 | മിനി ബാസ്കറ്റ്ബോൾ | 600 | 2 | 1200 |
| 4 | റോപ്പ് ലാഡർ (50 CM സ്ക്വയർ) 5 മീറ്റർ | 650 | 1 | 650 |
| 5 | ത്രോബോൾ | 500 | 2 | 1000 |
| 6 | ഫ്ലൈയിംഗ് ഡിസ്ക് | 180 | 12 | 2160 |
| 7 | കോൺ | 68 | 20 | 1360 |
| 8 | സ്റ്റെപ് ജംപിഗ് ബോക്സ് | 450 | 4 | 1800 |
| 9 | ഹർഡിൽസ് 40 CM 60 CM | 390 | 4 | 1560 |
| 10 | സ്കിപ്പിംഗ് റോപ്പ് | 120 | 5 | 600 |
| 11 | ജാവലിൻ 400 ഗ്രാം | 680 | 4 | 2720 |
| | **TOTAL** | | | **15550** |

**മേജർ ഗെയിം**

ഹോക്കി, ഫുട്ബോൾ, ക്രിക്കറ്റ്, ഹാൻഡ് ബോൾ, ആർച്ചറി തുടങ്ങിയ മേജർ ഗെയിമുകളുടെ പരിശീലനം ദിവസേന നടന്നുവരുന്നുണ്ട്. കഴിഞ്ഞ അവധിക്കാലത്ത് 45 ദിവസം ഈ ഗെയിമുകളുടെ പരിശീലനം നടന്നു. നമ്മുടെ സ്കൂളിലെ കുട്ടികൾക്ക് പുറമെ മറ്റു സ്കൂളിലെ കുട്ടികളും ഈ പരിശീലനത്തിൽ പങ്കെടുത്തു. സ്കൂൾ ടീമുകളുടെ പരിശീലനം നടന്നുവരുന്നു.

## ഫുട്ബോൾ

ഫുട്ബോൾ പരിശീലനത്തിനായി ചെറിയ ഗ്രൗണ്ട് മാത്രമേ സ്കൂളിന് സൗകര്യപ്രദമായുള്ളൂ. പുറമേ നിന്നും ഒരു കോച്ചിന്റെ സഹായത്താൽ ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന പരിശീലന പദ്ധതി ആസൂത്രണം ചെയ്തു. ഇതിന്റെ ഫണ്ട് പി ടി എ യിൽ നിന്നും മറ്റ് സ്പോൺസർമാരിൽ നിന്നും കണ്ടെത്തണം. ജൂലൈ മാസത്തിൽ താല്പര്യമുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ സമ്മതപത്രം വാങ്ങി നിശ്ചിത ഫീസ് ഈടാക്കി പദ്ധതി നടപ്പാക്കാം.

## മൈനർ ഗെയിം

വിവിധ മേജർ ഗെയിമുകളോട് അനുബന്ധിച്ചുള്ള മൈനർ ഗെയിമും കളിപ്പിക്കുന്നു. ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസത്തിൽ സ്കൂളിന്റെ ഹാളിലും വരാന്തയിലും ഒഴിഞ്ഞ സ്ഥലങ്ങളിലും സംഗീതത്തിന്റെ സഹായത്തോടെയും അല്ലാതെയും താളാത്മകമായി എയ്റോബിക് എക്സർസൈസുകൾ നിശ്ചിത സമയം ചെയ്യുന്നു. ഇതിനായി ഒരു ഇൻസ്ട്രക്ടറെ ചുമതലപ്പെടുത്തുന്നു.

| സാമ്പത്തിക അവലോകനം | | |
|---|---|---|
| **SL NO** | **ഇനങ്ങൾ** | **തുക** |
| 1 | യോഗ | 8900.00 |
| 2 | സൈക്കിൾ | 34000.00 |
| 3 | നീന്തൽ പരിശീലനം | 60000.00 |
| 4 | ഫുട്ബോൾ | 35500.00 |
| 5 | ഹോക്കി | 36000.00 |
| 6 | മേജർ ഗെയിം | 17930.00 |
| | **TOTAL** | **531830.00** |

## ട്രാഫിക് നിയമങ്ങൾ ബോധ്യപ്പെടുത്തുന്നു:

**ഇന്നത്തെ പ്രശ്നം റോഡ് നിയമങ്ങളെ കുറിച്ച് വ്യക്തമായ ധാരണയില്ലായ്മയാണ്.**

**ലക്ഷ്യങ്ങൾ:** റോഡ് നിയമങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക എന്നതാണ്. റോഡ് അപകടങ്ങൾ അനുദിനം വർദ്ധിച്ചു വരുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. പ്രധാനമായും റോഡ് നിയമങ്ങൾ പാലിക്കാത്തതാണ് ഇതിന് കാരണം. പ്രാഥമിക

വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ റോഡ് നിയമങ്ങളെകുറിച്ചുള്ള ധാരണ കുട്ടികളിൽ രൂപപ്പെടുത്താൻ കഴിയണം. വാഹനാപകടങ്ങൾ ഉണ്ടാകാൻ ഇടയുള്ള കാരണങ്ങളെക്കുറിച്ച് കുട്ടികൾക്ക് പറയാൻ കഴിയണം. കാൽനടയായും വാഹനങ്ങളിലും വിദ്യാലയത്തിൽ എത്തുന്ന കുട്ടികൾ തീർച്ചയായും കാൽനടയാത്രക്കാരും വാഹന യാത്രക്കാരും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അറിഞ്ഞിരിക്കണം. സീബ്രാലൈൻ, അടയാളവിളക്കുകൾ, ട്രാഫിക് ചിഹ്നങ്ങൾ തുടങ്ങിയവ എന്തെന്ന് കുട്ടികൾ വ്യക്തമായി ബോധ്യപ്പെടുത്തണം. ചെറിയ കളികളിലൂടെയും ചർച്ചകളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ഈ കാര്യങ്ങൾ കുട്ടികളിൽ എത്തിക്കുവാൻ ശ്രമിക്കണം. സുരക്ഷിത യാത്രയ്ക്കായി ഒട്ടേറെ കാര്യങ്ങൾ താൻ ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് ഓരോ കുട്ടിയും തിരിച്ചറിയണം

## പ്രവർത്തനങ്ങൾ

- വാർത്ത, കൊളാഷ് വിശകലനം
- സീബ്രാലൈൻ – ചിത്രനിരീക്ഷണം
- ട്രാഫിക് വിളക്കുകൾ - വീഡിയോ പ്രദർശനം
- ട്രാഫിക് വിളക്കുകൾ വരച്ച് നിറം നൽകാൻ
- അടയാളവിളക്കുകൾ – ചർച്ച
- വാഹനം ഓടിക്കാം കളി, തുടങ്ങിയവ

## മോണിറ്ററിങ്ങ്

ആരോഗ്യ കായിക വിദ്യാഭ്യാസത്തിന്റെ മാസ്റ്റർ പ്ലാനിന്റെ മോണിറ്ററിംഗ് കമ്മിറ്റിയായി എച്ച് എം/പ്രിൻസിപ്പൽ ജനറൽ കൺവീനറായും, കായിക അധ്യാപകൻ കൺവീനറായും, ഒരു പുരുഷ അധ്യാപകൻ 2 വനിതാ അധ്യാപകർ രണ്ടുപേരും ചേർന്ന് ഏഴംഗ കമ്മിറ്റി രൂപീകരിക്കണം.

കലണ്ടർ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കാനും മാസത്തിൽ ഒരു തവണയെങ്കിലും വിലയിരുത്താനും ഓരോ പ്രവർത്തനത്തിന്റെയും ഹാജർ പരിശോധിച്ച് അംഗീകരിക്കുകയും വേണം.

# അക്കാദമിക മാസ്റ്റർ പ്ലാൻ – കലാ വിദ്യാഭ്യാസം

## ലക്ഷ്യങ്ങൾ

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
- കലാ അഭിരുചി വളർത്തുക
- ഓരോ കുട്ടിയുടെ സവിശേഷമായ കഴിവിന്റെ വികാസത്തിന് അവസരം ഒരുക്കുക
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ കലാപരിശീലനത്തിനായി പ്രയോജനപ്പെടുത്തുക

| SL NO | പ്രവർത്തനം | ചുമതല | കാലം |
|---|---|---|---|
| 1 | കുട്ടികളിലെ കലാവാസന തിരിച്ചറിഞ്ഞ് ആർട്സ് ക്ലബ് രൂപീകരണം | കലാ അധ്യാപിക | ജൂൺ |
| 2 | സംഗീത ദിനത്തോടനുബന്ധിച്ച് ക്വിസ് മത്സരം നടത്തുക | കലാ അധ്യാപിക | ജൂൺ<br>ഒക്ടോബർ |
| 3 | തെരഞ്ഞെടുത്ത കുട്ടികൾക്ക് ഈ ഒരു അധ്യയന വർഷം കർണ്ണാടക സംഗീതത്തിൽ പരിശീലനം | കലാ അധ്യാപിക | ജൂൺ<br>ജനുവരി |
| 4 | കലാ പരിശീലന സെഷനുകൾ (റിതം പാഡ്) ഗസ്റ്റ് ആർട്ടിസ്റ്റുകളെ ഉൾപ്പെടുത്തി കുറഞ്ഞത് അഞ്ച് ക്ലാസുകൾ നൽകുന്നു | പി ടി എ, കലാ അധ്യാപിക | ജൂലൈ<br>ആഗസ്റ്റ് |
| 5 | കലാ പ്രവർത്തനങ്ങൾ വിലയിരുത്താൻ മത്സരങ്ങൾ - സ്കൂൾ കലോത്സവം | പ്രഥമാധ്യാപിക, എസ് ആർ ജി ആർട്സ് ടീം, കലാ അധ്യാപിക | ആഗസ്റ്റ് |
| 6 | സ്കൂൾ/ജില്ലാതല കലോത്സവത്തിനുള്ള ഒരുക്കം - തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ | പ്രഥമാധ്യാപിക, എസ് ആർ ജി ആർട്സ് ടീം, കലാ അധ്യാപിക | സെപ്റ്റംബർ<br>ഒക്ടോബർ |
| 7 | വാർഷിക കലാപ്രദർശനം | പ്രഥമാധ്യാപിക, എസ് ആർ ജി ആർട്സ് ടീം, കലാ അധ്യാപിക | ഫെബ്രുവരി |

# പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായുള്ള അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

ആധുനിക വിദ്യാഭ്യാസ സമ്പ്രദായം പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കും മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന ഉറപ്പാക്കുന്നുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളെയും മറ്റു കുട്ടികൾക്കൊപ്പം ഇരുത്തി പഠിപ്പിക്കുന്ന രീതിയാണ് ഉൾച്ചേർന്ന വിദ്യാഭ്യാസം. പലപ്പോഴും വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തികം എന്നിവയിൽ മറ്റുള്ളവരെക്കാൾ പിന്നാക്കമാണ് ഭിന്നശേഷിയുള്ള കുട്ടികൾ. ഇവരുടെ ക്ഷേമത്തിനും വികസനത്തിനും അറിവ് തന്നെ ആധാരം. അത് ശരിയായ അറിവല്ലെങ്കിൽ നാം ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾക്ക് പ്രതികൂലമായി ഭവിക്കും. വ്യത്യസ്ത ശേഷിയുള്ള കുട്ടികളുടെ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും തിരിച്ചറിയുന്നതിനുമുള്ള വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് ഈ മാസ്റ്റർ പ്ലാനിൽ ഒരുക്കിയിട്ടുള്ളത്. കുട്ടികളുടെ സമഗ്ര വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

### ലക്ഷ്യങ്ങൾ

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സമഗ്ര വികസനം ഉറപ്പാക്കുക.
- ഈ വിഭാഗം കുട്ടികൾക്ക് ഓരോ ക്ലാസിനും വിഷയത്തിനും അനുരൂപീകരിച്ച സൂക്ഷ്മതല പ്രക്രിയ തയ്യാറാക്കി ട്രൈ ഔട്ട് ചെയ്ത മെച്ചപ്പെടുത്തുക.
- പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളുടെ സർഗാത്മകമായ കഴിവുകൾ കണ്ടെത്താനും പരിപോഷിപ്പിക്കാനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് കമ്പ്യൂട്ടർ അടക്കമുള്ള അനുരൂപീകരിച്ച പരിശീലനം ഉറപ്പാക്കുക.

## ഭിന്നശേഷിയുള്ള കുട്ടികൾക്കായി നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

### ഭാഷ

എഴുത്തിലും വായനയിലും പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളെ അവരുടെ എഴുത്തിലും വായനയിലുമുള്ള നിലവിലെ അവസ്ഥ പരിശോധിച്ച് ആ ക്ലാസിലെ പുസ്തകങ്ങൾ പരിചയപ്പെടുത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നു. വായനയിൽ മികവുണ്ടാകാൻ ഒരുപാഠ ഭാഗത്തിലെ ചെറിയ ഭാഗം നിരന്തരമായി വായിപ്പിക്കുന്നു. ഐ സി ടി യുടെ സഹായവും പ്രയോജനപ്പെടുത്തുന്നു. ഈ പ്രവർത്തനം പൂർത്തിയാക്കാൻ ദീർഘകാലം ആവശ്യമായി വരും.

### ഗണിതം

ഗണിത വിഷയത്തിൽ നിന്നും കുട്ടിക്ക് ദൈനംദിന ജീവിതത്തിൽ ആവശ്യമായ എണ്ണൽ, സമയം രൂപയുടെ കണക്കുകൾ എന്നിവ കുട്ടിയുടെ ഇപ്പോഴത്തെ നില മനസ്സിലാക്കി അവർക്ക് പരിശീലനം നൽകുന്നു. സങ്കലനം, വ്യവകലനം, കൊടുക്കൽ വാങ്ങൽ എന്നിവ മനസിലാക്കാൻ സാധനങ്ങൾ വാങ്ങുന്നതിനും വില കൊടുത്ത് ബാലൻസ് വാങ്ങുന്നതിനും (ചെറിയ തുകയിൽ തുടങ്ങി) പ്രോത്സാഹിപ്പിക്കാം. അതും പിയർ ഗ്രൂപ്പിന്റെ സഹായത്തോടെ. ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഇത്തരം കഴിവുകൾ ആർജിക്കുന്നതിന് ദീർഘകാലം ആവശ്യമായി വരുന്നു.

### ദിനാചരണങ്ങൾ പതിപ്പുകൾ

അക്കാദമിക കലണ്ടർ പ്രകാരമുള്ള സവിശേഷദിനങ്ങളിൽ കുട്ടികളെക്കൊണ്ട് അധ്യാപകരുടെ സഹായത്തോടെ ദിനാചരണ പതിപ്പുകൾ, പോസ്റ്ററുകൾ തുടങ്ങിയവ തയ്യാറാക്കുകയും ആ ദിനത്തെ കുറിച്ചുള്ള പ്രത്യേകത കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുകയും ചെയ്യുന്നു. ചോദ്യോത്തര വേദിയിൽ കുട്ടിയുടെ കഴിവ് പ്രകടിപ്പിക്കാനുള്ള അവസരം ഉണ്ടാക്കുന്നു.

## ചിത്രരചന – കല – സ്പോർട്സ്

ചിത്രരചനയിലും, പാട്ട് നൃത്തം എന്നിവയിലും താല്പര്യം ഉള്ള പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് അതിൽ പരിശീലനം നൽകി അവരുടെ കഴിവുകൾ പൊതുവേദിയിൽ അവതരിപ്പിക്കാൻ അവസരം ഉണ്ടാക്കുന്നു. സ്കൂൾതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ഭിന്നശേഷി ദിനത്തിൽ പങ്കെടുപ്പിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. കൂടാതെ സ്പോർട്സിൽ കുട്ടിയ്ക്ക് കഴിയുന്ന തരത്തിലുള്ള ഇനങ്ങളിൽ അവസരങ്ങൾ നൽകാവുന്നതാണ്.

## സസ്യപരിപാലനം

പ്രത്യേക പരിഗണിന അർഹിക്കുന്ന കുട്ടികൾക്കായി കൃഷി, ഗാർഡനിങ് എന്നിവ പരിശീലിപ്പിക്കുന്നു. ഭാവി ജീവതത്തിൽ തൊഴിലാക്കി മാറ്റാവുന്ന ഒരു പ്രവർത്തനം കൂടിയാണിത്. മറ്റുള്ളവരെ ആശ്രയിക്കാതെ സ്വന്തം കാലിൽ നിൽക്കുവാനും ഇത്തരം കുട്ടികളെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ അത്യാവശ്യമായ ഒരു ഘടകമാണ്. ഇതിന് പുറമേ കുട്ടികൾക്ക് പേപ്പർ നിർമാണം, കുട നിർമ്മാണം, തയ്യൽ എന്നിവയിലും പരിശീലന പ്രവർത്തനങ്ങൾ നൽകുന്നു.

## പഠനയാത്രകൾ

ഭിന്നശേഷി കുട്ടികൾക്ക് സാമൂഹിക ഇടപെടൽ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി പൊതു ഇടങ്ങൾ സന്ദർശിക്കുക (പിയർ ഗ്രൂപ്പിനൊപ്പം). പഠനയാത്രകളിൽ ഭിന്നശേഷി കുട്ടികളെയും പങ്കെടുപ്പിക്കുക.

# ഉപസംഹാരം

'മനുഷ്യനിൽ അന്തർലീനമായ പൂർണതയുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം' എന്നുള്ള സ്വാമി വിവേകാനന്ദന്റെ വാക്കുകൾ ഏറെ പ്രസക്തമാണ്. വിദ്യാലയത്തിലെ ഓരോ കുട്ടിയേയും പൂർണ്ണതയിലെത്തിക്കുക എന്നുള്ളതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വികാസം ഉറപ്പു വരുത്തുവാൻ വിദ്യാഭ്യാസ പ്രക്രീയകൾക്ക് സാധിക്കണം. എന്നിരുന്നാൽ മാത്രമേ അറിവ് നേടുന്നതോടൊപ്പം ജീവിത വിജയം നേടുവാനും അവന് കഴിയുകയുള്ളൂ. അതോടൊപ്പം തന്നെ സമൂഹത്തിന്റെ നൻമയ്ക്കായി പ്രവർത്തിക്കുന്ന ഉത്തമ പൗരൻ മാരെ വാർത്തെടുക്കുവാനും നമുക്ക് കഴിയണം. പഠന നേട്ടങ്ങൾ നേടിയെടുക്കുന്നതിന് ആശ്യമായ വൈവിധ്യമാർന്ന പ്രവർത്തനങ്ങളും മറ്റും ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾച്ചേർത്തിട്ടുണ്ട്. തികച്ചും ശാസ്ത്രീയമായും ലളിതമായും പഠന ആശയങ്ങൾ കുട്ടികളിലെത്തിക്കാൻ അക്കാദമിക മാസ്റ്റർ പ്ലാൻ വഹിക്കുന്ന പങ്ക് വലുതാണ്. പരിചയ സമ്പന്നരായ അധ്യാപകരുടെ കൂട്ടായ ചർച്ചയിലൂടെ തയാറാക്കിയിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാനിന് കുട്ടികളുടെ സമഗ്ര വികാസത്തിനും അതിലൂടെ അവരെ പൂർണ്ണതയിലെത്തിക്കുവാനും സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.